"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

പി.ഐ.ഇ&എം.ഡി- നവകേരളം കർമ്മപദ്ധതി-II - അസിസ്റ്റന്റ് കോർഡിനേറ്റർമാരുടെ കരാർ സേവന കാലാവധി 04.01.2025 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച ഉത്തരവാകുന്നു.

---

### പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ്

സ.ഉ.(സാധാ) നം.70/2025/PIE&MD തീയതി,തിരുവനന്തപുരം, 05-03-2025

---

പരാമർശം:-

1. GO(P) No.10/2021/P&EA തീയതി 01.08.2021
2. GO(P) No.2/2021/PIEMD തീയതി 03.12.2021
3. GO(Rt) No.5/2022/PIEMD dated 30.08.2022
4. സ.ഉ (സാധാ) നം.2/2023/പി.ഐ.ഇ&എം.ഡി തീയതി 04.01.2023
5. സ.ഉ (സാധാ) നം.7/2024/പി.ഐ.ഇ&എം.ഡി തീയതി 05.01.2024
6. നവകേരളം കർമ്മപദ്ധതി കോർഡിനേറ്ററുടെ 21.11.2024-ലെ എൻ.കെ.പി/എ2/119/2022 നമ്പർ കത്ത്.

## ഉത്തരവ്

നിലവിലുള്ള നാലു മിഷനുകളായ ഹരിത കേരളം, ആർദ്രം, ലൈഫ്, വിദ്യാകിരണം എന്നിവയെയും കേരള പുനർ നിർമ്മാണ പദ്ധതി (RKI) യെയും ഉൾപ്പെടുത്തിക്കൊണ്ട് നവകേരളം കർമ്മപദ്ധതി-II രൂപീകരിച്ച് പരാമർശം (1) പ്രകാരം ഉത്തരവായി. പ്രസ്തുത ഉത്തരവ് പ്രകാരം നവകേരളം കർമ്മപദ്ധതി-II യിലേക്ക് ആവശ്യമായ തസ്തികകളും സൃഷ്ടിച്ചിരുന്നു.

പരാമർശം (3) പ്രകാരം നവകേരളം കർമ്മപദ്ധതി-II-യിലേക്ക് അസിസ്റ്റന്റ്/ജോയിന്റ് കോർഡിനേറ്റർ (ഹരിത കേരളം മിഷൻ), അസിസ്റ്റന്റ്/ജോയിന്റ് കോർഡിനേറ്റർ (പ്രചരണം, ശാക്തീകരണം, ഡോക്യുമെന്റേഷൻ) എന്നീ തസ്തികകളും, മറ്റ് ഏതാനും തസ്തികകൾക്കൊപ്പം, അന്യത്ര സേവനം/കരാർ അടിസ്ഥാനത്തിൽ അധികമായി സൃഷ്ടിച്ചു. കൂടാതെ പരാമർശം (2)-ലെ ഉത്തരവിൽ പ്രതിപാദിക്കുന്ന വിവിധ തസ്തികകളുടെ നിയമന രീതിയിൽ, അസിസ്റ്റന്റ്/ജോയിന്റ് കോ ഓർഡിനേറ്റർമാരുടെയും, പ്രോഗ്രാം ഓഫീസർമാരുടെയും നിയമന രീതിയിൽ, അന്യത്ര സേവനത്തോടൊപ്പം, കരാർ വ്യവസ്ഥ കൂടി ഉൾപ്പെടുത്തി പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു. അതിൻ പ്രകാരം, ലൈഫ് മിഷന്റെ അസിസ്റ്റന്റ് കോർഡിനേറ്ററായി ശ്രീ.എസ്.അൻവർ ഹുസൈനെയും, ഹരിത കേരളം മിഷൻ (കൃഷി)-യുടെ അസിസ്റ്റന്റ് കോർഡിനേറ്ററായി ശ്രീ.എസ്.യു സഞ്ജീവിനേയും, പ്രചരണം, ശാക്തീകരണം, ഡോക്യുമെന്റേഷൻ അസിസ്റ്റന്റ് കോർഡിനേറ്ററായി ശ്രീ.റ്റി.പി.സുധാകരനെയും പരാമർശം (4) പ്രകാരം ഒരു വർഷത്തേയ്ക്ക് കരാർ വ്യവസ്ഥയിൽ നിയമിക്കുകയും, തുടർന്ന് പരാമർശം (5) പ്രകാരം ടി ഉദ്യോഗസ്ഥരുടെ കരാർ സേവന കാലാവധി ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിക്കുകയും ചെയ്തിരുന്നു. നവകേരളം കർമപദ്ധതി-2 ന്റെ ഭാഗമായ ലൈഫ് മിഷൻ പ്രവർത്തനങ്ങൾ ശ്രീ.അൻവർ ഹുസൈന്റെ നേതൃത്വത്തിലും, കൃഷി അനുബന്ധ പ്രവർത്തനങ്ങളായ കാർബൺ ന്യൂട്രൽ കേരളം, പച്ചത്തുരുത്ത്, ഹരിതസമൃദ്ധി തുടങ്ങിയവ

ശ്രീ.എസ്.യു. സഞ്ജീവിന്റെ നേതൃത്വത്തിലും, പ്രചരണം-ശാക്തീകരണം, ഡോക്യുമെന്റേഷൻ തുടങ്ങിയവ ശ്രീ.റ്റി.പി. സുധാകരന്റെ നേതൃത്വത്തിലും തൃപ്തികരമായി നടന്നുവരികയാണെന്നും, ഇവരുടെ സേവനം മിഷൻ പ്രവർത്തനങ്ങൾക്ക് അനിവാര്യമായതിനാൽ മേൽപ്പറഞ്ഞ ഉദ്യോഗസ്ഥരുടെ കരാർ സേവന കാലാവധി 04.01.2025 മുതൽ ഒരു വർഷത്തേയ്ക്കു കൂടി ദീർഘിപ്പിച്ച് ഉത്തരവ് നൽകണമെന്ന് നവകേരളം കർമപദ്ധതി-2 കോർഡിനേറ്റർ പരാമർശം (6) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. അതിൻപ്രകാരം ലൈഫ് മിഷൻ അസിസ്റ്റന്റ് കോർഡിനേറ്ററായി ശ്രീ.എസ്.അൻവർ ഹുസൈന്റെയും (മേടയിൽ, എം.ആർ.എ 107 B, മണ്ണമ്മൂല, പേരൂർക്കട പി.ഒ, തിരുവനന്തപുരം 695005), ഹരിത കേരളം മിഷൻ (കൃഷി) അസിസ്റ്റന്റ് കോർഡിനേറ്ററായി ശ്രീ.എസ്.യു സഞ്ജീവിന്റെയും (കെ.ആർ.എ-262, 'ഉത്തം', TC.47/2500, കേശവദേവ് റോഡ്, ത്രിവിക്രമംഗലം, പൂജപ്പുര പി.ഒ, തിരുവനന്തപുരം-695012), പ്രചരണം, ശാക്തീകരണം, ഡോക്യുമെന്റേഷൻ അസിസ്റ്റന്റ് കോർഡിനേറ്ററായി ശ്രീ.റ്റി.പി സുധാകരന്റെയും ('പാർദ്ധിവം', സെന്റ് ജൂഡ് നഗർ, പെരുകാവ്.പി.ഒ. തിരുവനന്തപുരം-695573) കരാർ സേവന കാലാവധി 04.01.2025 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ജീന ജെ പി

ഡെപ്യൂട്ടി സെക്രട്ടറി

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (കോർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി II മുഖേന)
കോർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി II, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), അക്കൗണ്ടന്റ് ജനറൽ ഓഫീസ്, കേരളം
വിവര പൊതുജന സമ്പർക്ക വകുപ്പ്
പി.ഐ.ഇ&എം.ഡി വകുപ്പ് ഡയറക്ടറുടെ സി.എയ്ക്ക്
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Devi K G
സെക്ഷൻ ഓഫീസർ
Date: 06-03-2025 10:50:17